വ്യവസായ മേഖലയിൽ യെസ് സംഗമം വഴി പുതിയ സംരംഭങ്ങൾ

219 (2457) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടന്ന യെസ് സംഗമം വഴി വ്യവസായ മേഖലയിൽ എന്തെല്ലാം പുതിയ സംരംഭങ്ങൾ തുടങ്ങാൻ ധാരണയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം കാര്യങ്ങൾ ലക്ഷ്യമിട്ടാണ് യെസ് സംഗമം സംഘടിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ ഏതെല്ലാം പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള ധാരണകൾ ഉണ്ടാക്കിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംരംഭകത്വ ആശയങ്ങൾ മനസ്സിലുള്ള വിദ്യാർത്ഥി-യുവതലമുറയെ സംരംഭകത്വത്തിലേക്ക് കൂടുതൽ ആകർഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് യുവസംരംഭകത്വ സംഗമം 2014 സെപ്തംബറിൽ കൊച്ചിയിൽ സംഘടിപ്പിച്ചത്. വിദ്യാർത്ഥി/യുവസംരംഭകരുടെ നൂതന ആശയങ്ങളുടെ പ്രദർശനവും, സംരംഭകത്വത്തിൽ വിജയിച്ച സംരംഭകരോടും, യുവസംരംഭകരോടും ആശയ വിനിമയം നടത്തുന്നതിനുള്ള അവസരവും പ്രസ്തുത സംഗമത്തിന്റെ ഭാഗമായി സംഘടിപ്പിക്കുകയുണ്ടായി. വിദ്യാർത്ഥി/യുവസംരംഭകർക്ക് നൂതന ആശയങ്ങളുടെ സാക്ഷാത്കാരത്തിനുള്ള മാർഗ്ഗനിർദ്ദേശ ക്ലാസ്സുകളും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ച യുവസംരംഭകർക്ക് ആവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിലേക്കായുള്ള സീഡ് ഫണ്ടിംഗിന്റെ പ്രഖ്യാപനവും സംഗമത്തിന്റെ ഭാഗമായി നടക്കുകയുണ്ടായി.

(ബി) കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി 2011-ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എന്റർപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി/യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്. കൂടാതെ, യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് ആവശ്യമായ പ്രചോദനം നൽകുക, യുവതലമുറയെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽദാതാക്കളാക്കി മാറ്റുക, യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ സാക്ഷാത്കരിക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, കേരളത്തെ യുവസംരംഭകരുടെ സംരംഭകത്വ കേന്ദ്രമാക്കി മാറ്റുക, സംരംഭകരുടെ നൂതന ആശയങ്ങളുടെ പ്രദർശനത്തിനായുള്ള വേദിയൊരുക്കുക എന്നീ കാര്യങ്ങൾ കൂടി ലക്ഷ്യമിട്ടാണ് യെസ് സംഗമം സംഘടിപ്പിച്ചത്.

(സി) സംരംഭകരുടെ ആശയങ്ങളെ വിജയിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിലേക്കായുള്ള ഇൻക്യൂബേഷൻ സ്പേസ്, മെൻഡറിംഗ് സപ്പോർട്ട്, ആശയങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസരം, സാമ്പത്തിക സഹായം തുടങ്ങിയ സഹായങ്ങളാണ് 'യെസ്' സംഗമത്തിൽ യുവ സംരംഭകർ പ്രധാനമായും ആവശ്യപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. സാമ്പത്തിക സഹായം-യുവ സംരംഭകർക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.-യും, കെ.എഫ്.സി.-യും സംയുക്തമായി ഒരു ധനകാര്യ സ്കീം ആരംഭിക്കാൻ തീരുമാനമായിട്ടുണ്ട്.

2. ആവശ്യമായ മെൻഡറിംഗ് നൽകുന്നതിലേക്കായി കെ.എസ്.ഐ.ഡി.സി.ടെ., സി.ഐ.ഐ. എന്നീ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

3. ഇൻക്യൂബേഷൻ സ്പേസ് യുവസംരംഭകർക്കായി എറണാകുളം ജില്ലയിൽ കെ.എസ്.ഐ.ഡി.സി.-യുടെ ഇൻക്യൂബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കൂടാതെ, കെ.എസ്.ഐ.ഡി.സി.-യുടെ ഇൻക്യൂബേഷൻ സെന്ററുകൾ കോഴിക്കോട്, അങ്കമാലി, തിരുവനന്തപുരം എന്നിവിടങ്ങളിലും സജ്ജമാക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. സംസ്ഥാനത്തെ വിവിധ കോളേജുകളിലും ഇൻക്യൂബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.